REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 23-03-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **ഡൽഹി ഹൈക്കോടതി ജഡ്ജി യശ്വന്ത് വർമയ്ക്കതിരെ ഉയർന്ന ആരോപണത്തിൽ ആഭ്യന്തര അന്വേഷണത്തിന് സുപ്രീം കോടതി മൂന്നംഗ സമിതി രൂപീകരിച്ചു.**
- **എൻഡോസൾഫാൻ ദുരിതബാധിതർക്കായി കാസർകോട്ട് 'സഹജീവനം സ്നേഹ ഗ്രാമം' രണ്ടാം ഘട്ടം ഉടൻ ആരംഭിക്കും.**
- **മുതിർന്ന BJP നേതാവ് അഹല്യാ ശങ്കറിന്റെ സംസ്കാരം ഉച്ചയ്ക്ക് കോഴിക്കോട് വെസ്റ്റ്ഹിൽ ശ്മശാനത്തിൽ.**
- **IPL ക്രിക്കറ്റ് ഉദ്ഘാടന മത്സരത്തിൽ റോയൽ ചാലഞ്ചേഴ്സ് ബംഗളുരുവിന് വിജയം.**

## വാർത്തകൾ വിശദമായി

ഡൽഹി ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് യശ്വന്ത് വർമയ്ക്കതിരെ ഉയർന്ന ആരോപണത്തിൽ ആഭ്യന്തര അന്വേഷണത്തിന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന മൂന്നംഗ സമിതി രൂപീകരിച്ചു. പഞ്ചാബ് - ഹരിയാന, ഹിമാചൽപ്രദേശ്, കർണാടക ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരായ ഷീൽ നാഗു, GS സന്താവാലിയ, അനുശിവരാമൻ എന്നിവരാണ് സമിതിയംഗങ്ങൾ.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

വോയിസ്...........

ഡൽഹി ഹൈക്കോടതി ചീഫ് ജസ്റ്റിസിനോട്, ജസ്റ്റിസ് യശ്വന്ത് വർമയെ നിയമപരമായ ഒരു ചുമതലയും ഏൽപ്പിക്കരുതെന്നും സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ആവശ്യപ്പെട്ടു.

വെള്ളിയാഴ്ച ചേർന്ന സുപ്രീംകോടതി കൊളീജിയം ജസ്റ്റിസ് വർമയെ അലഹബാദ് ഹൈക്കോടതിയിലേക്ക് മാറ്റാൻ തീരുമാനിച്ചിരുന്നു. എന്നാൽ, സ്ഥലംമാറ്റം കൊണ്ടു മാത്രം ജസ്റ്റിസ് വർമയ്ക്കെതിരായ നടപടി അവസാനിപ്പിക്കരുതെന്ന് സുപ്രീംകോടതി ഫുൾകോർട്ട് യോഗം നിർദ്ദേശം നൽകിയിരുന്നു.

അതിനിടെ, ഇന്നലെ ജസ്റ്റിസ് വർമയുടെ വീട്ടിൽ നിന്ന് കറൻസി നിറച്ച ചാക്കുകൾ കത്തിയ നിലയിൽ കണ്ടെത്തിയ സംഭവത്തെപ്പറ്റി സുപ്രീംകോടതി വെബ്സൈറ്റിൽ അന്വേഷണ റിപ്പോർട്ട് അപ്‌ലോഡ് ചെയ്തു.

✪✪✪

ധീരസ്വാതന്ത്ര്യ സമര സേനാനികളായ ഭഗത്സിംഗിന്റെയും, ശിവറാം രാജ്ഗുരുവിന്റെയും, സുഖ്ദേവ് ഥാപ്പറുടെയും രക്തസാക്ഷിത്വദിനം ഇന്ന് ആചരിക്കുന്നു. ലാഹോർ സെൻട്രൽ ജയിലിൽ 1931 മാർച്ച് 23 നാണ് മൂന്നു പേരുടെയും വധശിക്ഷ നടപ്പാക്കിയത്. ബ്രിട്ടീഷ് പൊലീസ് ഓഫീസറായിരുന്ന JP സോണ്ടേഴ്സിനെ വധിക്കാൻ ശ്രമിച്ചുവെന്ന കേസിലായിരുന്നു ശിക്ഷ.

✪✪✪

സവാള കയറ്റുമതിയ്ക്ക് ഏർപ്പെടുത്തിയിരുന്ന 20 ശതമാനം തീരുവ കേന്ദ്രഗവൺമെന്റ് പിൻവലിച്ചു. ഇതിന് ഏപ്രിൽ ഒന്നുമുതൽ പ്രാബല്യമുണ്ടായിരിക്കും. ഈ വിളവെടുപ്പ് സീസണിൽ മെച്ചപ്പെട്ട ഉത്പാദനം പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ കർഷകർക്ക് മികച്ച വില ലഭ്യമാക്കാനാണ് നടപടി. കഴിഞ്ഞവർഷം സെപ്തംബറിലാണ് ആഭ്യന്തര ലഭ്യത ഉറപ്പാക്കാൻ സവാളയ്ക്ക് 20 ശതമാനം തീരുവ ചുമത്തിയത്.

✪✪✪

നിയമസഭാ മണ്ഡലങ്ങളിലെ ബൂത്ത്തല പ്രശ്നങ്ങൾ പരിഹരിക്കാൻ രാജ്യവ്യാപകമായി സർവ്വകക്ഷിയോഗങ്ങൾ നടത്തിവരികയാണെന്ന് തിരഞ്ഞെടുപ്പുകമ്മീഷൻ അറിയിച്ചു. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരും, ജില്ലാതിരഞ്ഞെടുപ്പ് ഓഫീസർമാരും, മണ്ഡലതല തിരഞ്ഞെടുപ്പ് ഓഫീസർമാരുമാണ് പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നത്. ഈ മാസം 31 നകം യോഗങ്ങൾ പൂർത്തിയാക്കണമെന്നാണ് കമ്മീഷന്റെ നിർദ്ദേശം.

✪✪✪

മണ്ഡല പുനർ നിർണയത്തിലെ രാഷ്ട്രീയപാർട്ടികളുടെ ആശങ്ക പരിഹരിക്കാൻ കേന്ദ്രം സർവ്വകക്ഷിയോഗം വിളിക്കണമെന്ന് BJD പ്രസിഡണ്ട് നവീൻ പട്നായിക് നിർദ്ദേശിച്ചു. ഡിലിമിറ്റേഷനുമായി ബന്ധപ്പെട്ട് തമിഴ്നാട് മുഖ്യമന്ത്രി MK സ്റ്റാലിൻ ചെന്നൈയിൽ വിളിച്ചുചേർത്ത ആദ്യ ജോയിന്റ് ആക്ഷൻ കമ്മിറ്റി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മണ്ഡല പുനർനിർണയം ജനസംഖ്യാനുപാതികമായി മാത്രം നടപ്പാക്കുന്നത് ജനപ്പെരുപ്പം വിജയകരമായി നിയന്ത്രിച്ച സംസ്ഥാനങ്ങളെ ശിക്ഷിക്കുന്നതിന് തുല്യമാകുമെന്നും പട്നായിക് അഭിപ്രായപ്പെട്ടു.

✪✪✪

ഹയർ സെക്കൻഡറി വാർഷിക പരീക്ഷയുടെ ചില ചോദ്യപേപ്പറുകളിലെ അക്ഷരത്തെറ്റുകളെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് മന്ത്രി V ശിവൻകുട്ടി നിർദേശം നൽകി. ഏതു ഘട്ടത്തിലാണ് അശ്രദ്ധയും തെറ്റും ഉണ്ടായതെന്ന് കണ്ടെത്തും. വിദ്യാർഥികളെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളുണ്ടെങ്കിൽ മൂല്യനിർണയ സമയത്ത് പരിഹാരനടപടികൾ കൈക്കൊള്ളുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സ്മാർട്ടും സുതാര്യവുമാക്കി വരികയാണെന്ന് മന്ത്രി P.പ്രസാദ് പറഞ്ഞു. ഇതിന്റെ ഭാഗമായാണ് കൃഷി വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളുടെ യോഗങ്ങളും പരിപാടികളും പൊതുജനങ്ങൾക്ക് നേരിൽ കാണാൻ 'വെളിച്ചം' ലൈവ് ഓൺലൈൻ പ്രക്ഷേപണം നടത്തുന്നതെന്ന് അദ്ദേഹം നിയമസഭയിൽ പറഞ്ഞു. ഇതുവരെ 13 യോഗങ്ങളും, പരിപാടികളും തത്സമയം സംപ്രേഷണം ചെയ്തിട്ടുണ്ട്.

അടുത്ത മാസം മുതൽ നിയമപരമായി രഹസ്യമായി സൂക്ഷിക്കേണ്ടവയൊഴികെ എല്ലാ യോഗങ്ങളും, പരിപാടികളും സംപ്രേഷണം ചെയ്യുമെന്നും പ്രസാദ് പറഞ്ഞു.

✪✪✪

മയക്കുമരുന്ന് വ്യാപനം നേരിടാൻ എല്ലാവരും ഒന്നിച്ച് ശ്രമിക്കണമെന്ന് മന്ത്രി K രാജൻ ആവശ്യപ്പെട്ടു. പൊലീസ് കൂടുതൽ ജനപക്ഷമാകേണ്ട സമയമാണിതെന്നും ഒല്ലൂർ പൊലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണം ഉദ്ഘാടനചടങ്ങിൽ മന്ത്രി പറഞ്ഞു. മുഖ്യമന്ത്രിയുടെ ഉദ്ഘാടന സന്ദേശം അദ്ദേഹം ചടങ്ങിൽ വായിച്ചു. നിർമ്മാണോദ്ഘാടന ഫലകവും K രാജൻ അനാച്ഛാദനം ചെയ്തു.

✪✪✪

എൻഡോസൾഫാൻ ദുരിതബാധിതർ ഉൾപ്പെടുന്ന ജില്ല എന്ന നിലയിൽ സാമൂഹ്യനീതി വകുപ്പ് കാസർകോടിന് പ്രത്യേക പരിഗണന നൽകുന്നുണ്ടെന്ന് മന്ത്രി ഡോ R ബിന്ദു പറഞ്ഞു. ഭിന്നശേഷി, ട്രാൻസ്ജെൻഡർ, വയോജനങ്ങൾ തുടങ്ങി സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗങ്ങൾക്ക് എല്ലാ പിന്തുണയും സഹായങ്ങളും വകുപ്പ് ഉറപ്പാക്കുമെന്നും മന്ത്രി അറിയിച്ചു. ഭിന്നശേഷി സഹായ ഉപകരണങ്ങളുടെ വിതരണവും, നവീകരിച്ച ജില്ലാ സാമൂഹ്യനീതി ഓഫീസും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

എൻഡോസൾഫാൻ ദുരിതബാധിതർക്കായി 'സഹജീവനം സ്നേഹ ഗ്രാമം' രണ്ടാം ഘട്ടം ഉടൻ ആരംഭിക്കാൻ മന്ത്രി ഡോ R ബിന്ദുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർകോട് ജില്ലാ പ്രതിനിധി P ജഗന്നിവാസൻ.

.......വോയിസ്.......

✪✪✪

ഇന്നലെ കോഴിക്കോട്ട് അന്തരിച്ച മുതിർന്ന BJP നേതാവ് അഹല്യാ ശങ്കറിന്റെ മൃതദേഹം രാവിലെ ജില്ലാ കമ്മറ്റി ഓഫിസിൽ പൊതുദർശനത്തിന് വെയ്ക്കും. തുടർന്ന് ഉച്ചയോടെ വെസ്റ്റ്ഹിൽ ശ്മശാനത്തിൽ സംസ്കരിക്കും. ഇന്നലെ ഉച്ചയ്ക്കായിരുന്നു അഹല്യാ ശങ്കറിന്റെ അന്ത്യം.

കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ, മുൻകേന്ദ്രമന്ത്രി V.മുരളീധരൻ, BJP സംസ്ഥാന പ്രസിഡണ്ട് K.സുരേന്ദ്രൻ, സംസ്ഥാന ജനറൽ സെക്രട്ടറി M.T .രമേശ്, ദേശീയ സെക്രട്ടറി അനിൽ ആന്റണി, ദേശീയ നിർവ്വാഹക സമിതി അംഗം P.K കൃഷ്ണദാസ്, മുൻ ദേശീയ വക്താവ് നൂപുർ ശർമ്മ തുടങ്ങിയവർ നിര്യാണത്തിൽ അനുശോചിച്ചു. രാഷ്ട്രീയ - സാമൂഹ്യ രംഗങ്ങളിലെ പ്രമുഖർ അന്തിമോപചാരമർപ്പിച്ചു.

✪✪✪

ഇന്നലെ അന്തരിച്ച കാഥികനും നാടക പ്രവർത്തകനുമായ അയിലം ഉണ്ണികൃഷ്ണന്റെ ഭൗതികശരീരം ചൊവ്വാഴ്ച രാവിലെ തൈക്കാട് ഭാരത് ഭവനിലും, ഉച്ചയ്ക്ക് പാങ്ങാപ്പാറ വസതിയിലും പൊതുദർശനത്തിനു വെയ്ക്കും. തുടർന്ന് കഴക്കൂട്ടം മേനംകുളം ശാന്തിതീരത്ത് സംസ്കരിക്കും. ന്യൂമോണിയ ബാധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളജിൽ ചികിത്സയിലിരിക്കെ ഇന്നലെയായിരുന്നു അയിലം ഉണ്ണികൃഷ്ണന്റെ അന്ത്യം.

✪✪✪

IPL ക്രിക്കറ്റ് ഉദ്ഘാടന മത്സരത്തിൽ റോയൽ ചാലഞ്ചേഴ്സ് ബംഗളുരുവിന് വിജയം. ആതിഥേയരായ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ ഏഴ് വിക്കറ്റിന് തകർത്താണ് ബംഗളുരു ആദ്യ ജയം നേടിയത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).....

ആദ്യം ബാറ്റ് ചെയ്ത കൊൽക്കത്ത ഉയർത്തിയ 175 റൺസ് വിജയലക്ഷ്യം 22 പന്തുകൾ ബാക്കി നിൽക്കെ RCB മറികടന്നു.

ഇന്ന് രണ്ട് മത്സരങ്ങളുണ്ട്. ഹൈദരാബാദിൽ ആദ്യ മത്സരത്തിൽ ഉച്ച കഴിഞ്ഞ് മൂന്നരയ്ക്ക് രാജസ്ഥാൻ റോയൽസ് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. മറ്റൊരു മത്സരത്തിൽ മുംബൈ ഇന്ത്യൻസ് ചെന്നൈ സൂപ്പർ കിംഗ്സുമായി ഏറ്റുമുട്ടും. വൈകിട്ട് ഏഴരയ്ക്ക് ചെന്നൈയിലാണ് മത്സരം.

✪✪✪

സ്വിസ് ഓപ്പൺ ബാഡ്മിന്റണിൽ ഇന്ത്യയുടെ മെഡൽ പ്രതീക്ഷയായിരുന്ന ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യം സെമി ഫൈനലിൽ ചൈനീസ് സഖ്യത്തോട് പരാജയപ്പെട്ടു. ഇതോടെ ടൂർണമെന്റിൽ നിന്ന് എല്ലാ ഇന്ത്യൻ താരങ്ങളും പുറത്തായി .

✪✪✪

ഇന്ത്യൻ ഓപ്പൺ ജമ്പ്സിൽ നിലവിൽ ട്രിപ്പിൾ ജമ്പിൽ ഏഷ്യൻ ചാമ്പ്യനായ മലയാളി താരം അബ്ദുള്ള അബൂബക്കർ സ്വർണം സ്വന്തമാക്കി. എന്നാൽ ടോക്കിയോ ലോക ചാമ്പ്യൻഷിപ്പ് യോഗ്യതയ്ക്ക് തൊട്ടുപിന്നിലാണ് അബ്ദുള്ള അബൂബക്കർ ഫിനിഷ് ചെയ്തത്.

✪✪✪

ഖേലോ ഇന്ത്യ പാരാഗെയിംസ് മൂന്ന് ദിവസം പിന്നിട്ടപ്പോൾ 19 സ്വർണവുമായി തമിഴ്നാട് മുന്നേറ്റം തുടരുകയാണ്. 14 സ്വർണവുമായി ഹരിയാനയും, 11 സ്വർണവുമായി രാജസ്ഥാനും, 10 സ്വർണവുമായി ഉത്തർപ്രദേശും പിന്നിലുണ്ട്.

വീൽചെയറിന്റെ സഹായത്തോടെ ബാഡ്മിന്റണിൽ മത്സരിക്കുന്ന കേരളത്തിന്റെ ആൽഫിയ ജെയിംസും, ഉത്തരാഖണ്ഡിന്റെ മൻദീപ് കൗറും സ്വർണം സ്വന്തമാക്കി.

✪✪✪

മഹാത്മാഗാന്ധി സർവ്വകലാശാല UGC യുടെ കാറ്റഗറി ഒന്ന് പട്ടികയിൽ ഇടം നേടിയതായി മന്ത്രി ഡോ.R ബിന്ദു കാസർകോട്ട് അറിയിച്ചു. ഇതോടെ സർവകലാശാലയ്ക്ക് കൂടുതൽ UGC സഹായം ലഭ്യമാകുമെന്ന് മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്ത ഹരിത പഞ്ചായത്തായും, അതിദാരിദ്ര്യമുക്ത പഞ്ചായത്തായും മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പ്രഖ്യാപിച്ചു. നവകേരള സൃഷ്ടിക്കായി മാലിന്യമുക്ത സമൂഹം എന്ന ലക്ഷ്യത്തിലേക്ക് മുന്നേറാൻ സാധിക്കണമെന്നും അതിന് കൂട്ടായ പരിശ്രമം ആവശ്യമാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

സബ് രജിസ്ട്രാർ ഓഫീസുകളുമായി ബന്ധപ്പെട്ട് പുനഃസംഘടിപ്പിച്ച ജനകീയ സമിതിയുടെ പ്രഥമയോഗം കണ്ണൂരിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച്ചയാണ് കമ്മറ്റികൾ യോഗം ചേരുന്നത്.

✪✪✪

സംസ്ഥാനത്ത് ആശാ വർക്കർമാരുടെ സമരം 42ാം ദിവസത്തിലേക്ക് കടന്നു. നാളെ സെക്രട്ടറിയേറ്റിന് മുന്നിൽ ആശമാർ കൂട്ട ഉപവാസം നടത്തും. കഴിഞ്ഞ വ്യാഴാഴ്ച്ച ആശ വർക്കർമാർ നിരാഹാര സമരം ആരംഭിച്ചിരുന്നു.

✪✪✪

ആകാശവാണി കോഴിക്കോട് നിലയത്തിന്റെ 75ാം വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സ്വാതി തിരുനാൾ സംഗീതോത്സവം ഇന്ന് സമാപിക്കും. വൈകിട്ട് തളി കേസരി ഭവനിൽ ചെന്നൈ അമൃത മുരളിയുടെ സംഗീത കച്ചേരിയോടെയാണ് മൂന്ന് ദിവസത്തെ സംഗീതോത്സവം സമാപിക്കുന്നത്.

✪✪✪

കോഴിക്കോട് നിലയത്തിലെ പ്രമുഖ മൃദംഗ വിദ്വാനും കർണ്ണാടകസംഗീതജ്ഞനുമായിരുന്ന പുതുക്കോട് S.കൃഷ്ണന്റെ ജൻമശതാബ്ദിയോട് അനുബന്ധിച്ച് ഏർപ്പെടുത്തിയ പ്രഥമ സ്മാരക ലയ പുരസ്ക്കാരം രാവിലെ സമ്മാനിക്കും. മൃദംഗ വിദ്വാൻ തഞ്ചാവൂർ രാമദാസാണ് പുരസ്കാരത്തിന് അർഹനായത്.

✪✪✪

---

*News Reader: അനിൽ ചന്ദ്രൻ*
*News Team: അബ്ദുൽ കബീർ, രജിന കെ*
*DEO: ഷീബ*